DESPATCHED On. 22/2/2020

S 2000
04/01/2020


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in


**ഹർജി നമ്പർ AP.No. 485(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 2935/SIC-G7/2019**

സന്നിഹിത

ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. സുരേലാൽ. പി.,**
**കനവ്,**
**ശിവകൃഷ്ണപുരം,**
**മുടപുരം പി.ഒ., ചിറയിൻകീഴ്,**
**തിരുവനന്തപുരം – 695 304.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
**ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.**

**അപ്പീൽ അധികാരി,**
**അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
**ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.** } **എതിർകക്ഷികൾ**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 25.10.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | .......... |
| ഒന്നാം അപ്പീൽ | 05.01.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 26.01.2019 |
| രണ്ടാം അപ്പീൽ | 23.02.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 22.10.2019, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, 12.07.2016 തീയതി കമ്പ്യൂട്ടിംഗ് സെക്ഷനിലെ ജീവനക്കാർ, കമ്പ്യൂട്ടിംഗ് സൂപ്പർവൈസർ ആയിരുന്ന ശ്രീ. ജയിംസ് ഡേവിഡിനെതിരെ അച്ചടി വകുപ്പ് ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി, പ്രസ്തുത ഫയൽ പരിശോധിക്കുന്നതിനും അതിൽ നിന്നും ആവശ്യപ്പെടുന്ന പേജുകളുടെ പകർപ്പുകൾ നൽകുന്നുതിനുമുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷിയിൽ നിന്നും മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം മൂന്നാം കക്ഷി വിവരം ആയതിനാൽ വിവരവകാശ നിയമം 8(1)(ജെ) പ്രകാരം അനന്തര നടപടി സ്വീകരിക്കുവാൻ കഴിയില്ല എന്നാണ് അപ്പീൽ അധികാരി അറിയിച്ചത്.

3. മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ല എന്നും ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണം എന്നും പരാതിപ്പെട്ടുകൊണ്ട് അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

4. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി.

5. മേൽ വിഷയവുമായി ബന്ധപ്പെട്ട് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, ആരോപണ വിധേയന്റെ അനുവാദത്തോടുകൂടി രേഖാപ്പകർപ്പുകൾ നൽകാം എന്ന് നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് ഇപ്പോൾ മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടായി ജോലി നോക്കുന്ന ശ്രീ ജെയിംസ് ഡേവിഡിന് കത്ത് നൽകുകയുണ്ടായി. ആയതിനുള്ള മറുപടി 26.10.2019 ന് തപാൽ മാർഗ്ഗം ലഭിച്ചു. ടി കത്തിൽ അദ്ദേഹത്തിനെതിരെയുള്ള പരാതിയുടെ പകർപ്പ് ശ്രീ. പി. സുരേലാലിന് നൽകുന്നതിന് വിസമ്മതം അറിയിച്ചിരുന്നു. പരാതിക്കാരന്റെ സമ്മതമില്ലാത്തതിനാൽ പ്രസ്തുത പരാതിയുടെ പകർപ്പ് നൽകാൻ നിർവ്വാഹമില്ലെന്ന ഒരു മറുപടി അപ്പീൽ ഹർജിക്കാരന് നൽകിയിരുന്നു എന്നുമാണ്.

6. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, ടിയാൻ ആവശ്യപ്പെട്ട വിവരവും ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ള കാര്യവും വ്യത്യസ്ത രീതിയിൽ ഉള്ളതാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ടിയാന്റെ വിവരാവകാശ അപേക്ഷ വ്യക്തമായി പരിശോധിക്കാതെയാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയതും കമ്മീഷനിൽ മൊഴി നൽകിയതും. അപ്പീൽവാദി ആവശ്യപ്പെട്ടത്, 12.07.2016 ൽ അച്ചടി വകുപ്പ് ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി വിവരവും പ്രസ്തുത ഫയൽ പരിശോധിക്കുവാൻ അവസരവും, തിരഞ്ഞെടുക്കുന്ന പേജുകളുടെ പകർപ്പുകളുമാണ്. എന്നാൽ ഒന്നാം എതിർകക്ഷി പറയുന്നത് 12.07.2016 ൽ സമർപ്പിച്ച പരാതിയുടെ പകർപ്പ് ലഭ്യമാക്കാൻ കഴിയില്ല എന്നുമാണ്.

7. ഒന്നാം എതിർകക്ഷി ടിയാന്റെ വിവരവാകാശ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടില്ല എന്നു മാത്രമല്ല അപേക്ഷ വായിച്ച് മനസ്സിലാക്കാതെയാണ് റിപ്പോർട്ട് നൽകിയിരിക്കുന്നത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. മേൽ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ടിയാൻ 25.10.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷ വിശദമായി പരിശോധിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരം വ്യക്തവും കൃത്യവുമായ രീതിയിൽ സൗജന്യമായി നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ വ്യക്തമായി പരിശോധിക്കാതെ മറുപടി നൽകുകയും കമ്മീഷൻ മുമ്പാകെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മൊഴിയും

റിപ്പോർട്ടും സമർപ്പിച്ച എസ്.പി.ഐ.ഒ.യുടെ നടപടി വിവരാവകാശ അപേക്ഷയോടുള്ള അവഹേളനവും, നിയമ ലംഘനവും, ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. യ്ക്കെതിരെ സെക്ഷൻ 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

8. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 14 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

RIGHT TO INFORMAT